കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ-ശിശു വികസന വകുപ്പ്- സ്ത്രീശാക്തീകരണ പരിപാടികൾ- 2026-27 സാമ്പത്തിക വർഷത്തിൽ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിന് ഭരണാനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനിതാ-ശിശു വികസന(ബി) വകുപ്പ്

**G.O.(Rt)No.267/2026/WCDD** **Dated,07/08/2026**

---

എ.എസ് നമ്പർ : AS/WCD/26/52280 കാലാവധി : 31/03/2027

പരാമർശം:-
1. വനിതാ-ശിശു വികസന ഡയറക്ടറുടെ 19.05.2026 ലെ DWCD/2586/2026-WEC1 നമ്പർ കത്ത്.
2. 24.07.2026-ലെ ഒന്നാം വകുപ്പു തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ തീരുമാനം.

<u>ഉത്തരവ്</u>

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും സുരക്ഷയ്ക്കുമായി വിവിധ പദ്ധതികളും നിയമങ്ങളും വനിതാ-ശിശു വികസന വകുപ്പ് നടപ്പിലാക്കിവരുന്നുവെങ്കിലും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ, ലിംഗവിവേചനം എന്നിവ വർദ്ധിച്ചുവരുന്ന സാഹചര്യമാണ്. ഈ കാലഘട്ടത്തിൽ അതിക്രമങ്ങളെ ചെറുക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ലിംഗപദവി സമത്വ കാഴ്ചപ്പാട് ജനങ്ങളുടെ ഇടയിൽ സൃഷ്ടിക്കുന്നതിനായുള്ള ഒരു മാർഗ്ഗം എന്ന നിലയിൽ ദിനാചരണങ്ങൾക്ക് ഊന്നൽ നൽകി ടി വിഷയത്തിന്മേൽ ജനശ്രദ്ധകൊണ്ടു വരുന്ന പരിപാടികൾ സംഘടിപ്പിക്കുക എന്നതാണ്. ആയതിനാൽ ഓരോ വർഷവും ടി ദിനാചരണങ്ങൾക്ക് ഊന്നൽ നൽകി പ്രവർത്തനങ്ങൾ നടത്തുന്നത് അനിവാര്യമാണ്. ഇതു സംബന്ധിച്ച് വ്യാപകമായ ബോധവത്കരണ പരിപാടികൾ അങ്കണവാടിതലം മുതൽ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. ആയതിലേക്ക് ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാദിനം, നവംബർ 25 ഗാർഹിക പീഡന നിരോധന ദിനം (International Day for

AS/WCD/26/52280

the Elimination of Violence against Women), നവംബർ 26 സ്ത്രീധന നിരോധന ദിനം, ജനുവരി 24 ദേശീയ ബാലികാ ദിനം, മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനം എന്നീ ദിനാചരണങ്ങൾ, വാരാചരണങ്ങൾ, ഇതോടനുബന്ധിച്ചുള്ള ക്യാമ്പയിനുകൾ എന്നിവ 2026-27 സാമ്പത്തിക വർഷത്തിലും സംഘിപ്പിക്കുന്നതിനും സമുചിതമായി ആചരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുന്നതിനായി 40,00,000/- (നാല്പത് ലക്ഷം രൂപ മാത്രം) രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ആയതിനാൽ ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാദിനം, നവംബർ 25 ഗാർഹിക പീഡന നിരോധന ദിനം (International Day for the Elimination of Violence against Women), നവംബർ 26 സ്ത്രീധന നിരോധന ദിനം, ജനുവരി 24 ദേശീയ ബാലികാ ദിനം, മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനം എന്നീ ദിനാചരണങ്ങൾ, വാരാചരണങ്ങൾ, ഇതോടനുബന്ധിച്ചുള്ള ക്യാമ്പയിനുകൾ എന്നിവ 2026-27 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുന്നതിന് 2235-02-103-68-02-34-03 (പി) എന്ന ശീർഷകത്തിൽ നിന്നും 40,00,000/-(നാല്പത് ലക്ഷം രൂപ മാത്രം) വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നല്കണമെന്ന് വനിതാ- ശിശു വികസന ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയതി | വിഷയം | തുക |
|---|---|---|---|
| 1 | 11/10/2026 | അന്താരാഷ്ട്ര ബാലികാദിനം | 15,000 *14 ജില്ലകൾക്ക് = 2,10,000/- |
| 2 | 25/11/2026 | ഗാർഹിക പീഡന നിരോധന ദിനം (International Day for the Elimination of Violence against Women) | 25,000*14 ജില്ലകൾക്ക്= 3,50,000/- |
| 3 | 26/11/2026 | സ്ത്രീധന നിരോധന ദിനം | 25,000*14 ജില്ലകൾക്ക്= 3,50,000/- |
| 4 | 24/01/2027 | ദേശീയ ബാലിക ദിനം | 15,000*14 ജില്ലകൾക്ക്= 2,10,000/- |
| 5 | 08/03/2027 | അന്താരാഷ്ട്ര വനിതാ ദിനം(ജില്ല തലം) | 50,000*14 ജില്ലകൾക്ക്= 7,00,000/- |
| 6 | | അന്താരാഷ്ട്ര വനിതാ ദിനം(സംസ്ഥാന തലം) & മറ്റു ദിനാചരണങ്ങൾ) | 21,80,000/– |
| | | ആകെ | 40,00,000/-(നാല്പത് ലക്ഷം ) |

(2) 24.07.2026ലെ ഒന്നാം വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ പ്രസ്തുത ശിപാർശ അംഗീകരിച്ചിട്ടുണ്ട്.

(3)സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഒക്ടോബർ 11 അന്താരാഷ്ട്ര ബാലികാദിനം, നവംബർ 25 ഗാർഹിക പീഡന നിരോധന ദിനം (International Day for the Elimination of Violence against Women), നവംബർ 26 സ്ത്രീധന നിരോധന

AS/WCD/26/52280

ദിനം, ജനുവരി 24 ദേശീയ ബാലികാ ദിനം, മാർച്ച് 8 അന്താരാഷ്ട്ര വനിതാ ദിനം എന്നീ ദിനാചരണങ്ങൾ, വാരാചരണങ്ങൾ, ഇതോടനുബന്ധിച്ചുള്ള ക്യാമ്പയിനുകൾ എന്നിവ 2026-27 സാമ്പത്തിക വർഷത്തിൽ സംഘടിപ്പിക്കുന്നതിന് 2235-02-103-68-02-34-03 (പി) എന്ന ശീർഷകത്തിൽ നിന്നും 40,00,000/-(നാല്പത് ലക്ഷം രൂപ മാത്രം)രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2235-02-103-68-02-34-3-P-V | 40,00,000 | AS/WCD/26/52280 | 2027-03-31 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | 2026 27 സ്ത്രീ ശാക്തീകരണ പരിപാടികൾ ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നത് തുക വകയിരുത്തുന്നതിനുള്ള അനുമതി | 40,00,000 |
| ആകെ (നാല്പത് ലക്ഷം രൂപ) | | **40,00,000** |

AS/WCD/26/52280

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

വനിത ശിശു വികസന ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വനിതാ-ശിശു വികസന (എ) വകുപ്പ്.
ധനകാര്യ വകുപ്പ്.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

SANTHOSHKUMAR T K

Digitally signed by Santhoshkumar T K
Date:2026.08.17 10:37:49 +05:30